പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 24

# 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 24

# 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

1161/2016.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 24

# 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ബിൽ

1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും
ആക്റ്റ് വീണ്ടും ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റ് (1960-ലെ 10) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയേഴാം സംവത്സരത്തിൽ ഇനിപ്പറയുംപ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2016-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 76-ാം വകുപ്പിനുള്ള ഭേദഗതി.—1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിന്റെ (1960-ലെ 10) 76-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, (2)-ാം ഉപവകുപ്പ് പ്രകാരം സമാഹരിച്ച നിയമസഹായ നിധിയുടെ എഴുപത് ശതമാനത്തിന് തുല്യമായ ഒരു തുക ഓരോ വർഷവും 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ടിലേക്കും നിയമസഹായ നിധിയിൽ സമാഹരിച്ച തുകയുടെ മുപ്പത് ശതമാനത്തിന് തുല്യമായ ഒരു തുക 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള ഫണ്ടിലേക്കും നീക്കിവയ്ക്കേണ്ടതാണ്:

എന്നാൽ (3)-ാം ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ഫണ്ടുകളിലേക്ക് നീക്കിവയ്ക്കപ്പെട്ട തുകയിൽനിന്നും പത്ത് ശതമാനം വീതം തുകയ്ക്ക് തുല്യമായ തുക വ്യവഹാരികൾക്ക് അടിസ്ഥാനസൗകര്യം ലഭ്യമാക്കുന്നതിനായി നിലനിർത്തിയതിനു ശേഷം, അപ്രകാരം നീക്കിവയ്ക്കപ്പെട്ട തുക പ്രസ്തുത ഫണ്ടുകളിലേക്ക് കൈമാറ്റം ചെയ്യേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള നിയമസഹായ നിധിയുടെ 70 ശതമാനത്തിന് തുല്യമായ ഒരു തുക കേരള അഭിഭാഷക ക്ഷേമനിധിക്കും 30 ശതമാനത്തിന് തുല്യമായ ഒരു തുക കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിക്കും നീക്കിവയ്ക്കുന്നതിനും അപ്രകാരം നീക്കിവയ്ക്കപ്പെട്ട മേൽ തുകകളിൽനിന്നും 10 ശതമാനം വീതം വ്യവഹാരികൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് നിധിയിൽ നിലനിർത്തിയശേഷം പ്രസ്തുത തുക ഫണ്ടുകളിലേക്ക് കൈമാറ്റം ചെയ്യുവാനും സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എ. കെ. ബാലൻ

(ശരിത്തർജ്ജമ)

## 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാരസലയും ആക്റ്റിൽ (1960-ലെ 10) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

**　　　　**　　　　**　　　　**

76. നിയമസഹായ നിധി.—

**　　　　**　　　　**　　　　**

(3) (2)-ാം ഉപവകുപ്പ് പ്രകാരം രൂപീകരിച്ച നിധി സംസ്ഥാനത്തെ ജനങ്ങൾക്ക് കാര്യക്ഷമമായ നിയമസേവനം നൽകുന്ന ആവശ്യത്തിലേക്കും അഭിഭാഷകവൃത്തിക്ക് സാമൂഹ്യ സുരക്ഷാ മാർഗ്ഗങ്ങൾ ഏർപ്പെടുത്തുന്നതിനുംവേണ്ടി പ്രയോഗിക്കേണ്ടതും വിനിയോഗിക്കേണ്ടതുമാണ്.

**　　　　**　　　　**　　　　**